KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ - 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 19/03/2022

## സർക്കുലർ നമ്പർ 28/2022 (BD)

വിഷയം: - **കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021"** പദ്ധതിയുടെ കാലാവധി **2022 മാർച്ച് 31** വരെ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. 01-07-2021 തിയ്യതിയിലെ 60/2021(BD) നമ്പർ സർക്കുലർ
2. 28-02-2022 തിയ്യതിയിലെ 24/2022(BD) നമ്പർ സർക്കുലർ

സൂചന 2 സർക്കുലർ പ്രകാരം **"കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021"** പദ്ധതിയുടെ കാലാവധി **19-03-2022** വരെ ദീർഘിപ്പിച്ചിരുന്നല്ലോ. കോവിഡ് 19 മഹാമാരിയുടെ പ്രതികൂല സാഹചര്യത്തിലും ഈ കാലയളവിനുള്ളിൽ വാർഷിക ബിസിനസ്സ് ലക്ഷ്യത്തിന്റെ 93% നു മേൽ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. **ആലപ്പുഴ** മേഖല ഇതിനോടകം വാർഷിക ലക്ഷ്യം കൈവരിച്ചതിൽ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. **399** ശാഖകൾ ലക്ഷ്യം കൈവരിക്കുകയും **പാലക്കാട്, കട്ടപ്പന** എന്നീ മേഖലകൾ യഥാക്രമം **99.62%** ഉം **98.70%** ഉം വാർഷിക ലക്ഷ്യം നേടിയിട്ടുമുണ്ട്. കൂടാതെ **കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ** മേഖലകൾ **95%** നു മേലെ കൈവരിക്കുകയും മറ്റു മേഖലകൾ വളരെ നല്ല രീതിയിൽ തന്നെ മുന്നേറികൊണ്ടിരിക്കുന്നുമുണ്ട്.

എന്നാൽ കോവിഡ് 19 മഹാമാരിയുടെ തുടർ തരംഗങ്ങൾ പല ശാഖകളുടെയും പ്രവർത്തനത്തെ ബാധിച്ചിരുന്നതിനാൽ ലക്ഷ്യം നേടുന്നതിന് ബുദ്ധിമുട്ടുകൾ ഇപ്പോഴും നേരിടുന്നുവെന്നും, എൻറോൾമെന്റ് നടത്തിവരുന്ന ചിട്ടികൾ പൂർത്തീകരിക്കുന്നതിന് കുറച്ചു കൂടി സമയം ആവശ്യമാണെന്നും മേഖലാ/ ശാഖാ തലവന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ഈ കാര്യങ്ങളും മറ്റു സാഹചര്യങ്ങളും പരിഗണിച്ച് **"കെ.എസ്.എഫ്.ഇ ഭദ്രത സ്മാർട്ട് ചിട്ടികൾ 2021"** ന്റെ കാലാവധി **31-03-2022** വരെ ദീർഘിപ്പിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

വാർഷിക ലക്ഷ്യം ഇപ്പോഴും കൈവരിക്കാത്ത ശാഖകൾ ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി **2021-22** സാമ്പത്തിക വർഷത്തിലെ വാർഷിക ചിട്ടി ബിസിനസ് ലക്ഷ്യം കൈവരിക്കണമെന്നു നിർദ്ദേശിക്കുന്നു. അതോടൊപ്പം ലക്ഷ്യം നേടിയ ശാഖകൾ കൂടുതൽ ബിസിനസ്സ് നേടിയെടുക്കുവാനും ഈ അവസരം വിനിയോഗിക്കണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി. പി.**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential